**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 779** **08-10-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്തർദേശീയ തുറമുഖം തദ്ദേശീയർക്ക് ജോലികളിൽ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം അന്തർദേശീയ തുറമുഖം നൽകുന്ന സാദ്ധ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | റോഡ്-റെയിൽ മാർഗ്ഗങ്ങളിലൂടെയുള്ള ചരക്കു നീക്കം കേരളമുൾപ്പെടെയുള്ള തെക്കൻ സംസ്ഥാനങ്ങളിൽ വ്യവസായിക ഇടനാഴികളുടെ വളർച്ചയ്ക്കും വികസനങ്ങൾക്കും ഉത്തേജനം നൽകുന്നതാണ്. ഇതിലൂടെ കേരളത്തിന് വമ്പിച്ച രീതിയിലുള്ള തൊഴിൽ സാദ്ധ്യതകളും വരുമാന വർദ്ധനവും ലഭ്യമാകുന്നതാണ്. ഇത്തരത്തിലുള്ള ചരക്കു നീക്കം പ്രാവർത്തികമാകുന്നതോടു കൂടി കേരളത്തിലെ ചെറുകിട വ്യവസായങ്ങളായ കരകൗശലം, ഫർണിച്ചർ നിർമ്മാണം, ടെക്സ്റ്റൈൽസ്, കാർഷിക മേഖല, മത്സ്യബന്ധനം തുടങ്ങിയവയിൽ അനുബന്ധ വിപണി സാനിദ്ധ്യം മൂലം വൻ പുരോഗതിയും തൊഴിലവസരങ്ങളും നേട്ടങ്ങളും കൈവരുന്നതാണ്.<br><br>വിഴിഞ്ഞം തുറമുഖത്തിന്റെ വരവോടു കൂടി കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ഇറക്കുമതി ചെയ്യുവാനുള്ള സാദ്ധ്യതകൾ മുൻ നിർത്തി നിർമ്മാണ മേഖലയിലും വൻ പുരോഗതി പ്രതീക്ഷിക്കുന്നു. ദുബായ്, സിംഗപ്പൂർ മുതലായ തുറമുഖങ്ങൾക്കനുബന്ധമായി ഉണ്ടായിട്ടുള്ള നിർമ്മാണക്കുതിപ്പ് ഇതാണ് സൂചിപ്പിക്കുന്നത്. എല്ലാ അന്താരാഷ്ട്ര തുറമുഖങ്ങൾക്കനുബന്ധമായും വ്യവസായികവും തൊഴിൽപരവും നിർമ്മാണ പരവുമായ ഉണർവ്വുണ്ടാവുകയും അതുവഴി സമീപമേഖലയിലെ സാധാരണക്കാരുടെയുൾപ്പെടെ ജീവിത സാഹചര്യം വൻ തോതിൽ മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിംഗ് റോഡ് മുതലായവ വിഭാവനം ചെയ്ത് തുറമുഖ നിർമ്മാണം മൂലമുള്ള നേട്ടങ്ങൾ പരമാവധി ഈ മേഖലയിൽ പ്രയോജനപ്പെടുത്തുവാൻ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നു. ഇതിനായുള്ള പ്രാഥമികാനുമതികളും നൽകിക്കഴിഞ്ഞു. |
| (ബി) | പ്രസ്തുത ഉറമുഖം യാഥാർത്ഥ്യമാകുമ്പോൾ തദ്ദേശീയർക്ക് ജോലികളിൽ പരമാവധി പ്രാതിനിധ്യം നല്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ യോഗ്യരായ തദ്ദേശീയരെയും കൺസഷണയറായ AVPPL പരിഗണിച്ചു വരുന്നുണ്ട്. ഉറമുഖ നിർമ്മാണ പൂർത്തീകരണത്തിനുശേഷം ഉറമുഖത്തിന്റെ പ്രവർത്തന കാലയളവിലും വലിയതോതിൽ തൊഴില വസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. കൂടാതെ, ഉറമുഖാനുബന്ധ വികസനം സാദ്ധ്യമാകുന്നതോടെ വിവിധ വ്യവസായ സംരംഭങ്ങളും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിക്കപ്പെടുകയും ഇതിലൂടെ തൊഴിൽ ലഭ്യതയിൽ വൻ വർദ്ധനവുണ്ടാവുകയും ചെയ്യും.<br><br>വിവിധ തൊഴിലുകളിൽ തൊഴിലന്വേഷകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി ASAP ന്റെ നൈപുണ്യ പരിശീലന കേന്ദ്രം VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചു കഴിഞ്ഞു. ഉറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ളവയിൽ ഇവിടെ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്ന യോഗ്യരായവർക്ക് ഉറമുഖത്തിൽ തൊഴിൽ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. ട്രക്ക് ഓപ്പറേറ്റർ തസ്തികയിൽ ആദ്യ ബാച്ചിൽ കോഴ്സ് പൂർത്തിയാക്കിയ 17 പേർക്കും ലാഷർ തസ്തികയിൽ കോഴ്സ് പൂർത്തിയാക്കിയ 24 പേർക്കും ഉറമുഖത്തിൽ ജോലി നൽകിയിട്ടുണ്ട്. കൂടാതെ, ഉറമുഖത്തിലേക്കായി ട്രക്ക് ഓപ്പറേറ്റർ കോഴ്സിന്റെ അടുത്ത ബാച്ചിലേക്കുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോഴ്സ് ഉടൻ ആരംഭിക്കുന്നതാണ്. നിലവിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (നഴ്സിംഗ് അസിസ്റ്റന്റ്), ഡൊമസ്റ്റിക് ഡേറ്റ എൻട്രി ഓപ്പറേറ്റർ എന്നീ കോഴ്സുകൾ ASAP ൽ നടത്തി വരുന്നുണ്ട്. ഉറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ള മറ്റനവധി കോഴ്സുകൾ നടപ്പിലാക്കുന്നത് ASAP പരിഗണിച്ചു വരുന്നുണ്ട്. |
| (സി) | ഈ പ്രദേശത്തെ ജനങ്ങളുടെ പരാതികൾ പരിഹരിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉറമുഖ നിർമ്മാണം മൂലം ജീവനോപാധി നഷ്ടപ്പെടുന്ന പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിനുമായി റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC) യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, |

| | | | |
|---|---|---|---|
| | | | പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും പുനരധിവാസ ക്ഷേമ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനു മായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ പ്രാദേശിക മോണിറ്ററിംഗ് കമ്മറ്റിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റിയും നിലവിലുണ്ട്. ഇതിനു പുറമേ, ഫിഷറീസ് ഡയറക്ടറേറ്റ്, PIU, VISL മുതലായ കാര്യാലയങ്ങൾ വഴിയും പ്രദേശവാസികളുടെ പരാതികൾ യോഗ്യമായ രീതിയിൽ പരിഹരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ